**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2467** **15-10-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ വ്യവസായ എസ്റ്റേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പുരോഗമിക്കുന്ന വ്യവസായ എസ്റ്റേറ്റിന്റെ ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br>ഒന്നാം ഘട്ടത്തിൽ ആഭ്യന്തര റോഡ്, ഡ്രെയിനേജ്, കൾവേർട്ട്, റീട്ടെയിനിംഗ് വാൾ, റോഡ് മാർക്കിംഗ് എന്നീ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | രണ്ടാംഘട്ട പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ടുകൾ സംരംഭകർക്ക് അനുവദിക്കുന്നതിന് എന്തെല്ലാം നടപടിയാണ് പൂർത്തീകരിക്കേണ്ടത്; വിശദമാക്കുമോ; | (സി) | അപ്രോച്ച് റേഡ് നിർമ്മാണം, എസ്റ്റേറ്റിലേക്കുള്ള ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള വാട്ടർ അതോറിറ്റിയുമായി ചേർന്നുള്ള പ്രവർത്തികൾ, വൈദ്യുതി ഉറപ്പാക്കുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായുള്ള പ്രവർത്തികൾ എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | എസ്റ്റേറ്റ്, പ്രവർത്തനം ആരംഭിക്കുന്നതിനുള്ള എല്ലാ പ്രവർത്തനങ്ങളും സമയബന്ധിതമായി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ